**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 161** | **12-02-2024 - ൽ മറുപടിയ്ക്ക്**

**കേരള സ്റ്റാർട്ടപ്പ് മിഷൻ ഇന്നൊവേഷൻ ആൻഡ് എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് സെന്ററുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ വി ശശി,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സ്റ്റാർട്ടപ്പ് മിഷൻ വഴി യുവജനങ്ങളെ തൊഴിലന്വേഷകരിൽ നിന്നും വിദഗ്ധരായ തൊഴിൽദാതാക്കളാക്കി മാറ്റി സംസ്ഥാന സമ്പദ് വ്യവസ്ഥയ്ക്ക് മുതൽക്കൂട്ടാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. യുവാക്കളെ തൊഴിലന്വേഷകരിൽ നിന്നും സംരംഭ കരാക്കുന്നതിന് ആവശ്യമായ പദ്ധതി കളാണ് കേരള സ്റ്റാർട്ടപ്പ് മിഷനിലൂടെ നടപ്പാക്കിവരുന്നത്.<br>എഞ്ചിനീയറിംഗ്, ആർട്ട്സ് ആന്റ് സയൻസ്, പ്രൊഫഷണൽ പോളി ടെക്നിക്ക്/ഐ ടി ഐ എന്നീ വിദ്യാഭ്യാസ സ്ഥാപനങ്ങ ളിലായി 466 എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് സെന്ററുകൾ (ഐ.ഇ. ഡി.സി) സ്ഥാപിച്ചിട്ടുണ്ട്. ഇവയിലൂടെ സാങ്കേതിക സംരംഭകത്വപ്രോത്സാ ഹനം നൽകി വിദ്യാർത്ഥികളെ സംരംഭകരാക്കി മാറ്റുന്നതിനുള്ള പ്രവർത്തനം തുടർന്നുവരികയാണ്. അതിനായി പ്രത്യേക ഇൻക്യുബേഷൻ പ്രോഗ്രാം നടത്തിവരുന്നു. കൂടാതെ ഡിസൈൻപ്രോട്ടോ ടൈപ്പിംഗ് പരിശീ ലനത്തിനായി തിരുവനന്തപുരത്തും കൊച്ചിയിലും ഫാബ് ലാബുകളും കൊച്ചിയിൽ ഒരു സൂപ്പർഫാബ് ലാബും പ്രവർത്തിച്ചുവരുന്നു. |
| (ബി) | ലോകോത്തര സാങ്കേതിക വിദ്യകൾക്കനുസൃതമായി സംസ്ഥാനത്തെ സ്റ്റാർട്ടപ്പുകളെ ശക്തമാക്കുവാൻ നൈപുണ്യ പരിശീലനവും മറ്റു പിന്തുണകളും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അറിയിക്കുമോ; | (ബി) | സ്റ്റാർട്ടപ്പുകൾക്കാവശ്യമായ സാങ്കേതികസഹായം ഓരോ സ്റ്റാർട്ടപ്പുകൾക്കും വ്യത്യസ്തമാണ്. അത് ലഭ്യമാക്കുന്നതിനായി വിദഗ്ധരായ മെന്റർമാരുടെ സഹായം ലഭ്യമാക്കി വരുന്നു. കൂടാതെ സാങ്കേതികവും അനുബന്ധവുമായ മറ്റ് പരിശീലന പരിപാടികളും തുടർച്ചയായി സംഘടിപ്പിച്ചുവരുന്നു. ആശയം ആദ്യമാതൃകയാക്കി മാറ്റുന്നതിനും അതിനെ മികച്ച ഉത്പ്പന്നമാക്കി മാറ്റുന്നതിനും അത് വിപണിയിലെത്തിച്ച് സംരംഭം വികസിപ്പിക്കുന്നതിനുമായി വിവിധ ഘടകങ്ങളടങ്ങിയ ഇന്നവേഷൻ ഗ്രാന്റ് പദ്ധതിയും നടപ്പിലാക്കി വരുന്നു. കൂടാതെ സർക്കാരിൽ നിന്നും സ്റ്റാർട്ടപ്പുകൾക്ക് ബിസിനസ്സ് ലഭ്യമാക്കുന്ന ഗവൺമെന്റ് ആസ് എ മാർക്കറ്റ് പ്ലേസ് പദ്ധതിയും, കോർപ്പറേറ്റുകളിൽ |

| | | | |
|---|---|---|---|
| | | | നിന്നും സ്റ്റാർട്ടപ്പുകൾക്ക് ബിസിനസ്സ് ലഭ്യമാകുന്ന കോർപ്പറേറ്റ് കണക്ട് പദ്ധതിയും നിലവിലുണ്ട്. |
| (സി) | കോളേജുകൾ കേന്ദ്രീകരിച്ച് കേരള സ്റ്റാർട്ടപ്പ് മിഷൻ ഇന്നൊവേഷൻ ആൻഡ് എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് സെന്ററുകൾ വികസിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (സി) | സംസ്ഥാനത്തെ വിവിധ എഞ്ചിനീയറിംഗ്, ആർട്ട്സ് ആന്റ് സയൻസ്, പ്രൊഫഷണൽ പോളിടെക്നിക്ക്/ഐ ടി ഐ എന്നീ വിദ്യാഭ്യാസ സ്ഥാപനങ്ങളിലായി 466 എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് സെന്ററുകൾ (ഐ ഇ ഡി സി) സ്ഥാപിച്ചിട്ടുണ്ട്. വിദ്യാർത്ഥികളിൽ സാങ്കേതികതയിലും സംരംഭകത്വത്തിലും താൽപര്യം വർദ്ധിപ്പിക്കുകയും അതിലൂടെ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് സാങ്കേതിക സാമ്പത്തിക വിപണനസഹായം ലഭ്യമാക്കുകയും ചെയ്യുക എന്നതാണ് ഈ സെന്ററുകളിലൂടെ ലക്ഷ്യമിടുന്നത്. ഈ ലക്ഷ്യം കൈവരിക്കുന്നതിനായി വിവിധ സാങ്കേതിക പരിപാടികളും ധനസഹായവും ലഭ്യമാക്കിവരുന്നു. പ്രസ്തുത ഐ. ഇ. ഡി. സി കളുടെ വാർഷിക സമ്മേളനം രാജ്യത്തെ ഏറ്റവും വലിയ വിദ്യാർത്ഥി സംഗമമായാണ് അറിയപ്പെടുന്നത്. |
| (ഡി) | വനിതാ സ്റ്റാർട്ടപ്പുകളുടെ പ്രവർത്തനം സുഗമമാക്കുന്നതിന് ആവശ്യമായ സന്നാഹങ്ങളും വായ്പാ സഹായ പദ്ധതികളും സംസ്ഥാനം ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ഡി) | വനിതാ സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിന് മറ്റ് സ്റ്റാർട്ടപ്പുകൾക്ക് നൽകുന്ന സഹായങ്ങൾക്കുപരി പ്രത്യേക സഹായങ്ങൾ നൽകി വരുന്നു. 10% അധിക സബ്സിഡിയോടെ സ്ഥലസൗകര്യം, വനിതാ സ്റ്റാർട്ടപ്പുകൾക്കായി വനിതാ പ്രോഡക്ടൈസേഷൻ ഗ്രാന്റ്, പർച്ചേസ് ഓർഡറുകൾക്ക് വിധേയമായി സോഫ്റ്റ് ലോൺ, സീഡ് ഫണ്ട് വായ്പയിന്മേൽ 2 വർഷ മൊറിട്ടോറിയം എന്നിവ വനിതാ സ്റ്റാർട്ടപ്പുകളെ സഹായിക്കുന്നതിനുള്ള പ്രത്യേക പദ്ധതികളാണ്. വാർഷിക വനിതാ സമ്മേളനവും സംഘടിപ്പിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ